പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5300 05-07-2012-ൽ മറുപടിയ്ക്ക്

## ദേശീയ ഗെയിംസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.എം.വി.ശ്രേയാംസ്കുമാർ<br>ഡോ.എൻ.ജയരാജ്<br>ശ്രീ.പി.സി.ജോർജ്ജ് | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഗെയിംസ് കേരളത്തിൽവച്ച് നടത്തുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് ഇനിയും നടത്തപ്പെടേണ്ടത് ; വ്യക്തമാക്കുമോ ? | (എ) 35-ാമത് നാഷണൽ ഗെയിംസിന്റെ ഭാഗമായി കേരളത്തിലെ 7 ജില്ലകളിലായി 23 സ്റ്റേഡിയങ്ങളുടെ നിർമ്മാണ/പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. തിരുവനന്തപുരം കേന്ദ്രമായി കായിക താരങ്ങൾക്കും മറ്റ് ഒഫീഷ്യലുകൾക്കും താമസ സൗകര്യമൊരുക്കുന്നതിനായി പ്രീഫാബ് ഹൗസിംഗ് ടെക്നോളജി ഉപയോഗിച്ച് ഒരു ഗെയിംസ് വില്ലേജ് നിരമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. 7 താത്കാലിക വേദികളുടെ പണികൾ ഗെയിംസ് തുടങ്ങുന്നതിന് 6 മാസം മുമ്പ് ആരംഭിക്കുന്നതാണ്.<br><br>ഗെയിംസിലെ 36 ഇനങ്ങൾക്കുവേണ്ടിയുള്ള ദേശീയ സ്പോർട്സ് ഫെഡറേഷനുകളുടെ മാനദണ്ഡം അനുസരിച്ചുള്ള വിവിധതരം സാങ്കേതിക ഉപകരണങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തി അനുയോജ്യമായവ സംഭരിക്കേണ്ടതുണ്ട്.<br><br>കൂടാതെ ദേശീയ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റിയും (എൻ.ജി.ഒ.സി) അതിന്റെ കീഴിൽ ഓരോ ചുമതലയും പ്രത്യേകമായി അംഗീകരിച്ച് നൽകിയിട്ടുള്ള ഉപസമിതികളും പുന: സംഘടിപ്പിക്കുന്നതിനുള്ള നടപടികളും പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ